Loyola Knowledge Resource Centre

(LIBRARY)

# “MEDIA SPEAK ON LOYOLA”

PRESS CLIPPINGS SERVICE




2022

VOLUME 11

Dr. SUNIL KUMAR.P [Chief Librarian UGC]

Mr. PRASANTH. M.S [Asst.Librarian]

Mr. GEORGE MATHEW

Mrs.DHANYA .J.G

Miss.MEGHA SAJEEV

LOYOLA COLLEGE OF SOCIAL SCIENCES

SREEKARYAM ,TRIVANDRUM, KERALA-695017

# TABLE OF CONTENTS

1 . ACHIEVEMENTS

COLLEGE : 10, 11, 12, 13

STUDENT : 2, 4

2. ACTIVITIES

COLLEGE : 17

STUDENT : 14, 19, 20

3. CAREER OPPORTUNITIES : 2

4. OBITUARY : 5, 6

5. PUBLIC NEWS : 1, 3, 7, 8, 9, 15, 16, 18, 21

കേരളകൗമുദി

## ക്രിസ്മസ് - പുതുവത്സരം

# വിരുന്നൊരുക്കി മുഖ്യമന്ത്രി





02

2022 ഡിസംബർ 3 ശനി

ദേശാഭിമാനി



നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റിയിൽനിന്ന് എംബിഎ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഒന്നാം റാങ്ക് നേടിയ ബി യു ഗോപീകൃഷ്ണൻ. ചിറയിൻകീഴ് ശാർക്കര ഞാറ്റടി വീട്ടിൽ ഉണ്ണികൃഷ്ണൻ ബീന ദമ്പതികളുടെ മകനാണ്

---

# ഫാമിലി കൗൺസലർ ഒഴിവ്

**തിരുവനന്തപുരം**

സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന്റെ കീഴിലുള്ള ശ്രീകാര്യം ലയോള ഫാമിലി കൗൺസലിങ് സെന്ററിൽ ഫാമിലി കൗൺസലറുടെ ഒഴിവുണ്ട്. ലയോള എക്സ്റ്റൻഷൻ സെന്ററിൽ 19ന് രാവിലെ 10ന് അഭിമുഖം. എംഎസ്ഡബ്ല്യു അല്ലെങ്കിൽ സൈക്കോളജി ബിരുദാനന്തരബിരുദമുള്ള 30നും 50നും ഇടയിൽ പ്രായമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും കോപ്പികളും സഹിതമെത്തണം. ഫോൺ : 85470 [illegible]5812, 9446397763.

# നിയമ നിർമ്മാണത്തിൽ വനിതാ പങ്കാളിത്തം ഉറപ്പാക്കണം: കേന്ദ്രമന്ത്രി

തിരുവനന്തപുരം: നിയമനിർമ്മാണസഭകളിലെ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടികൾ പുനർ വിചിന്തനം നടത്തണമെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ പറഞ്ഞു. ലയോള കോളേജിൽ ലിംഗസമത്വ വൈരുദ്ധ്യത്തെക്കുറിച്ചുള്ള പുസ്തകപ്രകാശനവും സിമ്പോസിയവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പതിനഞ്ചാം കേരള നിയമസഭയിൽ പതിനഞ്ച് വനിതകൾ പോലുമില്ല.

ഇന്ത്യയുടെ പ്രഥമപൗരയായി ആദിവാസി ഗോത്രവിഭാഗത്തിൽ നിന്നുള്ള ഒരു വനിതയെ കണ്ടെത്തിയതുവഴി ബി.ജെ.പി വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു. പുരോഗമന പ്രസ്ഥാനങ്ങളെന്ന് സ്വയം അവകാശപ്പെടുന്നവർ അവരവരുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് പദവി നൽകുന്ന കാര്യം വരുമ്പോൾ പിന്നാക്കം വലിയുന്നത് കാണാം. ജെൻഡർ ന്യൂട്രൽ യൂണിഫോം കൊണ്ടുമാത്രം കാര്യമാകുന്നില്ലെന്നും കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമം കൂടിവരുന്നത് സർക്കാർ ഗൗരവത്തോടെ കാണണമെന്നും അദ്ദേഹം പറഞ്ഞു.

ദേശാഭിമാനി 01/12/2022



# പോൾ ബ്ലഡ് പ്രോജക്ട്, ലയോള ജേതാക്കൾ



ഹീമോപോൾ-2022 സെമിനാറിൽ അവതരിപ്പിച്ച പ്രോജക്ടുകളിൽ വിജയികളായവർക്ക് മന്ത്രി ആർ ബിന്ദു അവാർഡുകൾ സമ്മാനിക്കുന്നു

തിരുവനന്തപുരം


സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആശയങ്ങൾ അടങ്ങിയ പ്രോജക്ട് കണ്ടെത്താൻ കേരള പൊലീസ് നടത്തിയ മത്സരത്തിൽ തിരുവനന്തപുരം ശ്രീകാര്യം ലയോള കോളേജ് ജേതാക്കൾ. മൂന്നാം സ്ഥാനവും കോളേജിനാണ്. കൊല്ലം ടികെഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്കാണ് രണ്ടാം സ്ഥാനം. വിജയികളായ ബി ഗംഗാബാബു, ആര്യാ മുരുകേശൻ, തോമസ് ടോമി എന്നിവർ സമ്മാനം ഏറ്റുവാങ്ങി.

സമ്പൂർണ സന്നദ്ധ രക്തദാന സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സെമിനാറിൽ മന്ത്രി ആർ ബിന്ദു സമ്മാനങ്ങൾ വിതരണം ചെയ്തു. കേരള പൊലീസിന്റെ പോൾ ബ്ലഡ് സ്റ്റേറ്റ് കൺട്രോൾ റൂമും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും ചേർന്ന് സംഘടിപ്പിച്ച 'ഹീമോപോൾ 2022' സെമിനാറിൽ തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകൾ അവതരിപ്പിച്ചു. 27 കോളേജിൽനിന്ന് 30 വിദ്യാർഥികൾ പങ്കെടുത്തു. ഇതിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പത്ത് പ്രോജക്ടുകളാണ് സെമിനാറിൽ അവതരിപ്പിച്ചത്.

പൊലീസ് മേധാവി അനിൽ കാന്ത്, എഡിജിപി എം ആർ അജിത്കുമാർ, എസ്പിമാരായ ഡോ. നവനീത് ശർമ, അരവിന്ദ് സുകുമാർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ശ്രീലത എന്നിവർ പങ്കെടുത്തു.

Deepika. 16/11/2022

# നിര്യാതനായി



## ജോഷി എബ്രഹാം (ജോസ് -65) കള്ളിവയലിൽ

പാലാ വിളക്കുമാടം കള്ളിവയലിൽ പരേതനായ കെ.എ. എബ്രഹാമിന്റെയും അമ്മിണിയുടെയും മകൻ ജോഷി എബ്രഹാം കള്ളിവയലിൽ (ജോസ്- 65) നിര്യാതനായി. സംസ്കാരം ഇന്നു (ബുധൻ) രാവിലെ 11ന് എറണാകുളം കാരണക്കോടം സെന്റ് ജൂഡ് പള്ളിയിൽ. പരേതൻ ട്രാക്കോ കേബിൾസ് ലിമിറ്റഡിൽ സീനിയർ മാനേജരായിരുന്നു.

**ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.**

**ഭാര്യ: ടെറി ജോഷി** കരുവേലിത്തറ കുടുംബാംഗമാണ്.
**മക്കൾ: എബ്രഹാം ജോഷി, മാത്യു ജോഷി** (ഇരുവരും ബംഗളൂരു).
**സഹോദരങ്ങൾ: ഗീത പോൾ പുളിക്കൽ** എറണാകുളം (റിട്ട. പ്രിൻസിപ്പൽ കൺട്രോളർ ഓഫ് കമ്യൂണിക്കേഷൻസ് അക്കൗണ്ട്സ്, ടെലികോം, ചെന്നൈ), **ഡോ. റോയി കള്ളിവയലിൽ** പാലാ (എച്ച്ഒഡി സൈക്യാട്രി, പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല), **ജോയി കള്ളിവയലിൽ** (റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ, പിഡബ്ല്യുഡി, മൂവാറ്റുപുഴ), **അജിത് കള്ളിവയലിൽ** പാലാ ([illegible]- റിട്ട. ഡിവിഷണൽ മാനേജർ, നാഷണൽ ഇൻഷുറൻസ് കമ്പനി), **ബാബു കള്ളിവയലിൽ** എറണാകുളം (ചാർട്ടേർഡ് അക്കൗണ്ടന്റ്, ഡയറക്ടർ KSIDC & ലിസി ആശുപത്രി), **ജോർജ് കള്ളിവയലിൽ** (അസോസിയേറ്റ് എഡിറ്റർ & ബ്യൂറോ ചീഫ്, **ദീപിക**, ന്യൂഡൽഹി), **മിനി തോമസ്** (റിട്ട. ടീച്ചർ ലയോള സ്കൂൾ, തിരുവനന്തപുരം), **അഞ്ജു സുനിൽ കളരിക്കൽ**, ചെന്നൈ

എറണാകുളം, 16 - 11 - 2022

www.mathrubhumi.com

മാതൃഭൂമി
15/11/22

# അപകടത്തിൽ പരിക്കേറ്റ കോളേജ് ജീവനക്കാരി മരിച്ചു



പുഷ്പാഭായ്

തിരുവനന്തപുരം ▸ വാഹനാപകടത്തിൽ പരിക്കേറ്റു ചികിത്സയിലായിരുന്ന കോളേജ് ജീവനക്കാരി മരിച്ചു.

കുമാരപുരം അപ്സരയിൽ(തൈവിളാകം) എസ്. പുഷ്പാഭായി(68)യാണ് മരിച്ചത്. ലയോള കോളേജിലെ കൗൺസലറായിരുന്നു. കഴിഞ്ഞ 11-ാം തീയതി വൈകീട്ട് 3.30-ഓടെ വെഞ്ഞാറമൂട്-പോത്തൻകോട് റോഡിൽ വേളാവൂരിലായിരുന്നു അപകടം. പുഷ്പാഭായ് സഞ്ചരിച്ചിരുന്ന കാറും എതിരേ വന്ന ലോറിയും കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റ പുഷ്പാഭായ് വെഞ്ഞാറമൂട്ടിലെ സ്വകാര്യ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. അഡ്വ. ജെ.മോഹനൻ നായരാണ് ഭർത്താവ്. മകൻ: ശിവകൃഷ്ണ. മരുമകൾ: ഭദ്ര. സഞ്ചയനം ഞായറാഴ്ച രാവിലെ 8-ന്.

ജില്ലാവിശേഷം

TVM

ദീപിക

2022 നവംബർ 16 ബുധൻ

03

## ഓംബുഡ്സ്മാൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചു

**തിരുവനന്തപുരം:** കേന്ദ്ര ഭവന പദ്ധതിയായ പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പരാതി പരിഹാര സംവിധാനത്തിന്റെ ഭാഗമായി ജില്ലയിൽ എൽ. സാം ഫ്രാങ്ക്ളിൻ ഓംബുഡ്സ്മാനായി ചുമതലയേറ്റു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പരാതി കൾ ഓംബുഡ്സ്മാന് സമർപ്പിക്കാം. കുടപ്പനക്കുന്ന് സിവിൽസ്റ്റേഷനിലാണ് ഓഫീസ്.



## പട്ടം സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ ഫാ. ടി.ബാബുവിന് ഗുരുശ്രേഷ്ഠ പുരസ്കാരം

**തിരുവനന്തപുരം :** അഖിലേന്ത്യാ അവാർഡി ടീച്ചേഴ്സ് ഫെഡറേഷൻ കേരള ഘടകം നൽകുന്ന ഗുരുശ്രേഷ്ഠ പുരസ്കാരത്തിനു പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ.ടി. ബാബുവിനെ തെരഞ്ഞെടുത്തു. കഴിഞ്ഞ ഇരുപത് വർഷക്കാലത്തെ അധ്യാപന മേഖലയിലെ മികവിനാണ് അദ്ദേഹത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. കൊട്ടാരക്കര സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, കറ്റാനം പോപ്പ് പയസ് സ്കൂൾ, മൈലപ്ര സേക്രട്ട് ഹാർട്ട് സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. ഫെബ്രുവരിയിൽ തൊടുപുഴയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.



പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ സക്സ യുടെ സംവാദ പരിപാടിയിൽ പങ്കെടുത്ത അസിസ്റ്റന്റ് കളക്ടർ റിയ സിംഗ് വിദ്യാർഥികളോടൊപ്പം. പ്രിൻസിപ്പൽ ഫാ. ടി.ബാബു, കോ-ഓർഡിനേറ്റർ ബിന്ദി സാഹിതി, ബിജു തോമസ് ,ജൂഡിത്ത് ,നിഷ രാജു ,സ്കൂൾ ചെയർപേഴ്സൺ സി. എച്ച്.ഫാത്തിമ എന്നിവർ സമീപം.

## ലക്ഷ്യബോധത്തോടെയുള്ള പഠനം നേട്ടങ്ങൾ കരഗതമാകാൻ ഉപകരിക്കും: അസിസ്റ്റന്റ് കളക്ടർ റിയസിംഗ്

**തിരുവനന്തപുരം:** നിരന്തര വായനയും ലക്ഷ്യബോധത്തോടെയുള്ള പഠനവും നേട്ടങ്ങൾ കരഗതമാകാൻ ഉപകരിക്കുമെന്ന് അസിസ്റ്റന്റ് കളക്ടർ റിയസിംഗ്.പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ സക്സയുടെ നാലാമത് എഡിഷൻ അക്കാദമിക് സെഷനിൽ കുട്ടികളോട് സംവദിക്കുകയായിരുന്നു അസിസ്റ്റന്റ് കളക്ടർ. സക്സ ആരംഭിച്ചതുമുതൽ 45 ലധികം മഹത് വ്യക്തിത്വങ്ങൾ സക്സ പ്ലാറ്റ് ഫോമിൽ എത്തിയിട്ടുണ്ട്. പ്രിൻസിപ്പൽ ഫാ.ടി.ബാബു. അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ ബിജോ ഗീവർഗീസ് ,ബിന്ദി സാഹിതി , ശ്രീകാന്ത്, സുരേഷ് ,നിഷ രാജു ,സംഗീത ,ജൂഡിത്ത് ,ബിജു തോമസ് എന്നിവർ പ്രസംഗിച്ചു.

## സംയുക്ത യോഗം ചേർന്നു

**വിതുര :** വിതുര പോലീസും ഫ്രാറ്റും സംയുക്തമായി സംഘടിപ്പിച്ച യോഗം സബ് ഇൻസ്പെക്ടർ വിനോദ് കുമാർ ഉദ്ഘാടനംചെയ്തു. വിതുര പോലീസ് സ്റ്റേഷനിൽ അടിയന്തരമായി സർക്കിൾ ഇൻസ്പെക്ടറിനെ നിയമിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. എസ് ഐ ഇർഷാദ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫ്രാറ്റ് മേഖല പ്രസിഡന്റ് ജി. ബാലചന്ദ്രൻ നായർതുടങ്ങിയവർ പ്രസംഗിച്ചു.

# വിഴിഞ്ഞം തുറമുഖസമരം

## അതിരൂപത ലക്ഷ്യമിടുന്നത് കൃത്യമായ പുനരധിവാസ നടപടി

18/08/2022



## സമരപ്പന്തലിലേക്ക് താമസം മാറാൻ തയ്യാർ - ആർച്ച് ബിഷപ്പ് തോമസ് ജെ.നെറ്റോ

### കണ്ടെത്തിയ സ്ഥലത്തിൽ തർക്കം

19

THIRUVANANTHAPURAM THE HINDU
FRIDAY, JUNE 25, 2021

# Technology key to accreditation: Gurukkal

## He stresses role of digital learning

STAFF REPORTER
THIRUVANANTHAPURAM

Kerala State Higher Education Council vice chairman Rajan Gurukkal has stressed the need to imbibe technology in every facet of functioning of higher education institutions.

This had become a vital cog in accreditation process of colleges, he said while inaugurating an online symposium on the National Assessment and Accreditation Council-accreditation process organised by the Loyola College of Social Sciences here on Thursday.

Besides emphasising the role of technology-enhanced digital learning in the context of accreditation, Mr. Gurukkal said the accreditation process would hinge on the extent of networking within the campus as well as the use of customised, open-source learning management systems such as MOODLE. Higher education institutions should strive to transform themselves as entrepreneurial institutions with automated systems for recording student-teacher activities.

**'Be innovative'**

The academician urged teachers to be mavericks who adopted an innovative and creative attitude towards technological advancements in pedagogy, even while striving to preserve quality.

The programme felicitated Rajagiri College of Social Sciences, St. Teresa's College (both autonomous), Nirmala College and St. Thomas College - all of which got the A++ NAAC grading in their fourth cycle of re-accreditation.

ജില്ലാവിശേഷം
TVM
ദീപിക
2022 ജൂലൈ 27 ബുധൻ 03

# നാക്ക് അക്രഡിറ്റേഷൻ: ലയോള കോളജിന് എപ്ലസ്പ്ലസ് ഗ്രേഡ്

**തിരുവനന്തപുരം:** നാക്കിന്റെ നാലാം സൈക്കിൾ അക്രഡിറ്റേഷനിൽ തിരുവനന്തപുരം ലയോള കോളജ് ഓഫ് സോഷ്യൽ സയൻസ് എ പ്ലസ് പ്ലസ് ഗ്രേഡ് കരസ്ഥമാക്കി. കഴിഞ്ഞ അഞ്ചു വർഷ കാലയളവിലെ വിവിധ മേഖലകളിലെ കോളജിന്റെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയാണ് അംഗീകാരം.

ആദ്യഘട്ടത്തിലെ രേഖകളുടെ പരിശോധനയ്ക്കു ശേഷം കഴിഞ്ഞ 22,23 തീയതികളിൽ നാക്കിന്റെ മൂന്നംഗ സമിതി കോളജ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു. കേരള സർവകലാശാലയുടെ കീഴിലുള്ള കോളജുകളിൽ നാലാം സൈക്കിൾ അക്രഡിറ്റേഷനിൽ ഏറ്റവും ഉയർന്ന ഗ്രേഡ് ആണിത്. നേരത്തെ നടന്ന മൂന്ന് അക്രഡിറ്റേഷനിലും ഇതേ നിലവാരം ലയോളകോളജ് കൈവരിച്ചിരുന്നു. കൂട്ടായ പ്രവർത്തനവും ദശാബ്ദങ്ങളായി തുടരുന്ന അധ്യാപന, ഗവേഷണ മികവും സാമൂഹ്യരംഗത്തെ ഇടപെടലുമാണ് നേട്ടത്തിന് അർഹമാക്കിയതെന്ന് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ്, ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ. ജാസ്മിൻ സാറാ അലക്സാണ്ടർ എന്നിവർ അറിയിച്ചു.



TY TVM
2022 ജൂലായ് 27 • ബുധനാഴ്ച മാതൃഭൂമി
നാട്ടുവർത്തമാനം 03

# നാക് അക്രഡിറ്റേഷൻ: ലയോള കോളേജിന് എ പ്ലസ് പ്ലസ്

**തിരുവനന്തപുരം ▸** നാക് അക്രെഡിറ്റേഷനിൽ എ പ്ലസ് പ്ലസ് ഗ്രേഡ് സ്വന്തമാക്കി ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്.

നാക്കിന്റെ നാലാം സൈക്കിൾ അക്രെഡിറ്റേഷനിലാണ് കോളേജ് എ പ്ലസ് പ്ലസ് ഗ്രേഡ് നേടിയത്.

കഴിഞ്ഞ അഞ്ചുവർഷ കാലയളവിലെ കോളേജിന്റെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കിയാണ് അംഗീകാരം.

ഈ മാസം 22, 23 തീയതികളിൽ നാക്കിന്റെ മൂന്നംഗ സമിതി കോളേജ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു.

27 ജൂലായ് 2022 ബുധൻ തിരുവനന്തപുരം | കേരളകൗമുദി 03

## ലയോള കോളേജിന് എ പ്ലസ് ഗ്രേഡ്

തിരുവനന്തപുരം: നാക്കിന്റെ നാലാം സൈക്കിൾ അക്രഡിറ്റേഷനിൽ **ലയോള** കോളേജ് ഓഫ് സോഷ്യൽ സയൻസസ് എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി. അഞ്ച് വർഷ കാലയളവിലെ വിവിധ മേഖലകളിലെ കോളേജിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം. ആദ്യഘട്ടത്തിലെ രേഖകളുടെ പരിശോധനയ്ക്ക് ശേഷം ഈ മാസം 22,23 തീയതികളിൽ നാക്കിന്റെ മൂന്നംഗ സമിതി കോളേജ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു.

**കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നാലാം സൈക്കിൾ അക്രഡിറ്റേ**ഷനിൽ ഏറ്റവും ഉയർന്ന ഗ്രേഡാണിത്. നേരത്തെ നടന്ന മൂന്ന് അക്രഡിറ്റേഷനിലും ഇതേ നിലവാരം ലയോള കൈവരിച്ചിരുന്നു. കൂട്ടായ പ്രവർത്തനവും ദശാബ്ദങ്ങളായി തുടരുന്ന അദ്ധ്യാപന,ഗവേഷണ മികവും സാമൂഹ്യരംഗത്തെ ഇടപെടലുമാണ് നേട്ടത്തിന് അർഹമാക്കിയതെന്ന് പ്രിൻസിപ്പൽ ഡോ. സജി പി. ജേക്കബ്, ഐ.ക്യു.എ.സി കോഓർഡിനേറ്റർ ഡോ. ജാസ്മിൻ സാറാ അലക്സാണ്ടർ എന്നിവർ പറഞ്ഞു.

THE HINDU THIRUVANANTHAPURAM
WEDNESDAY, JULY 27, 2022

# NAAC A++ ranking for Loyola college

STAFF REPORTER
THIRUVANANTHAPURAM

The Loyola College of Social Sciences here secured the highest National Assessment and Accreditation Council (NAAC) grading of A++ in its fourth accreditation cycle. The institution scored a cumulative grade point average (CGPA) of 3.59 (out of 4). Principal Saji P. Jacob and internal quality assurance cell coordinator Jasmine Sarah Alexander said the grade was the highest among colleges affiliated to Kerala University.

Published by N. Ravi at Kasturi Buildings, 859 & 860, Anna Salai, Chennai-600002 and Printed by R. Deepu at Plot I
Regd. KL/TV(N)/48/12-14 • RNI No. KERENG/1995/49965 • ISSN 0971 - 751X

CM
YK

# When bright minds come alive

SOUBI S DEV

IT was a mesmerising moment at the LES Hall of Loyola College of Social Sciences, Sreekariyam, last week. The place was filled with the works of numerous innovative and proactive minds.


Students of Loyola College showcased their academic and co-curricular activities in an elaborate exhibition organised in connection with the fourth cycle of the NAAC re-accreditation process. Their efforts were duly rewarded — the college secured A++ grade recognition this year.

Beautiful handiworks blending with practical use, activities and concepts proved to be a visual treat for the viewers.

The main attraction was the model of Flood-River Mapping, demonstrated by the disaster management department. It portrayed the destruction and the fury of the grand deluge of 2018 in the Pamba River. Likewise, an impressive thread work at the entrance of the psychology department conveyed the benefits of counselling that help clustered minds to unwind and reorganise.

Another highlight was a






dance-movement therapy called Navam, initiated by alumnus Krishnendhu. It blends dance with social work.

The college offers the programme as a certificate course. Several concepts such as equity, pedestrian, LGBTQIA+ and multiculturalism were explained with colourful demonstrations.

All five departments of the college came forward to showcase their respective academic







excellence and other achievements. Students used plastic-free materials and leftovers to decorate their works. Principal Dr Saji Jacob, says, "Students conceptualised the qualitative system, process, and practices of the college in the exhibition. They have done an outstanding job".

"The PIMER (planning, implementation, monitoring, evaluation and redesigning) approach is designed to help students in capacity-building and further enhance their competence. The entire progression during the course is similar to the metamorphosis of a caterpillar into a butterfly," says Ann Mary, assistant professor, Department of Social Work.

The college union members and faculty also organised a cultural programme.

Dr Ammu Lukose, assistant professor of counseling psychology and mentor of the innovation section, says, "The students brought out the idea and creatively implemented it."

Trivandrum 29/07/2022, INDIAN EXPRESS

2021 ജനുവരി 22 വെള്ളി | ദീപിക | 05

# അർണോസ് പാതിരിയുടെ പ്രതിമ @ 25

# സർക്കാർ സ്ഥാപിച്ചില്ല; സമരം കുരിശിലേറി

സ്വന്തം ലേഖകൻ

**തൃശൂർ:** സർക്കാരിന്റെ പണം ഉപയോഗിച്ച് 25 വർഷം മുമ്പു നിർമിച്ച അർണോസ് പാതിരിയുടെ പ്രതിമ പൊതുസ്ഥലത്തു സ്ഥാപിക്കാനാകാതെ സർക്കാർ. മൂന്നു നൂറ്റാണ്ടു മുമ്പ് മലയാളം, സംസ്കൃതം ഭാഷകൾക്ക് അമൂല്യമായ സംഭാവനകൾ നൽകിയ അർണോസ് പാതിരിയുടെ പ്രതിമ സർക്കാരിന്റേതാണെങ്കിലും 25 വർഷമായി തിരുവനന്തപുരത്തെ ലയോള കോളജ് കാമ്പസിലാണുള്ളത്.

കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ 1995 മാർച്ച് 15 നു ചേർന്ന മന്ത്രിസഭാ യോഗമാണു പ്രതിമ നിർമിക്കാൻ രണ്ടു ലക്ഷം രൂപ അനുവദിച്ചത്. 23 നു സർക്കാർ ഇതു സംബന്ധിച്ച ഉത്തരവിറക്കുകയും ചെയ്തു. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കാനുള്ള വെങ്കല പ്രതിമയാണെന്നു സർക്കാർ പുറത്തിറക്കിയ ഓർഡറിൽ പറഞ്ഞിരുന്നു.

വെങ്കലം ഉപയോഗിച്ചു ഡൽഹിയിൽ നിർമിച്ച പൂർണകായ പ്രതിമ തിരുവനന്തപുരത്തെ ലയോള കോളജ് കാമ്പസിൽ എത്തിച്ചു. സർക്കാർ നിർദേശിച്ച സ്ഥലത്തു സ്ഥാപിക്കുന്നതുവരെ സൂക്ഷിക്കാനാണ് ലയോള കോളജിൽ പ്രതിമ എത്തിച്ചത്. എന്നാൽ പ്രതിമ നിർദിഷ്ട സ്ഥലത്തു സ്ഥാപിക്കാനുള്ള നടപടികൾ പിന്നീട് മാറിമാറി വന്ന സർക്കാരുകളൊന്നും സ്വീകരിച്ചില്ല. കോളജ് അധികാരികളാകട്ടെ, തറകെട്ടി പ്രതിമ കാമ്പസിൽ തന്നെ സ്ഥാപിക്കുകയും ചെയ്തു.

പലതവണ സർക്കാരിനു പരാതിയും നിവേദനവും നൽകിയെങ്കിലും ഫലമുണ്ടായില്ല. ഏറ്റവും ഒടുവിൽ 2018 ഏപ്രിൽ 28ന് അർണോസ് പാതിരി അക്കാദമി ഡയറക്ടർ നൽകിയ നിവേദനത്തിനു പ്രതികൂലമായ മറുപടിയാണ് ലഭിച്ചത്. ഈ മറുപടി ലഭിച്ചതിനുശേഷവും ചില സാഹിത്യ സാംസ്കാരിക നായകന്മാരുടെ പ്രതിമയും സ്മാരകങ്ങളും സർക്കാർ ചെലവിൽ നിർമിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

അതിനിടെ സർക്കാർ ഉത്തരവിൽ നിർദേശിച്ച സ്ഥാനത്തു പ്രതിമ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അർണോസ് പാതിരി വസതിക്കുമുന്നിൽ കുരിശിൽ കിടന്നു സമരം നടത്തി. അർണോസ് പാതിരി സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കു ദശാബ്ദങ്ങളായി നേതൃത്വം നൽകുന്ന ജോൺ കള്ളിയത്ത് കുരിശിൽ കിടന്നു സമരം നടത്തിയത്.



തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കാൻ നിർമിച്ച അർണോസ് പാതിരി പ്രതിമ തിരുവനന്തപുരം ലയോള കോളജ് കാമ്പസിൽ.

തൃശൂർ വേലൂരിലെ അർണോസ് ഭവനത്തിനുമുന്നിൽ നടത്തിയ ധർണ കാലടി സർവകലാശാല റിട്ട. ഡീനും വാസ്തുവിഭാഗം തലവനുമായിരുന്ന ഡോ. പി.വി. ഔസേപ്പ് ഉദ്ഘാടനം ചെയ്തു. വേലൂർ ഫൊറോന വികാരി ഫാ. ഡേവിസ് ചെറയത്ത്, അർണോസ് അക്കാദമി ഡയറക്ടർ റവ. ഡോ. ജോർജ് തേനാടിക്കുളം എസ്ജെ, അഡ്വ. സി.കെ. കുഞ്ഞിപ്പൊറിഞ്ചു, ജോൺസൺ ചുങ്കത്ത്, സജി പനയ്ക്കൽ, കെ.ജെ. ജസ്റ്റിൻ, എ.വി. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു.



അർണോസ് പ്രതിമ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അർണോസ് പാതിരി വസതിക്കുമുന്നിൽ ജോൺ കള്ളിയത്ത് കുരിശിൽ കിടന്നു സമരം നടത്തുന്നു. ഉദ്ഘാടനം ചെയ്ത ഡോ. പി.വി. ഔസേപ്പ്, ഫാ. ഡേവിസ് ചെറയത്ത്, റവ.ഡോ. ജോർജ് തേനാടിക്കുളം എസ്ജെ തുടങ്ങിയവർ സമീപം.

21

Thiruvananthapuram City Express | TUESDAY 29.06.2021 | 4

# Snehanidhi' to provide gadgets for tribal students


STENI SIMON

PRAVEENA (name changed), a Class X student who belongs to the Malapandaram tribe, lives with her family in a shanty made of tarpaulin sheets near the forest in Pathanamthitta. There are just about 250 families remaining in this nomadic tribal group, all living in poverty, devoid of basic necessities. Praveena is probably one of the first in many generations to go to school. However, with no access to a mobile phone and the internet, she has lost all hope of continuing her education.

To help students from the tribal settlements get access to online learning, Childline Thiruvananthapuram, in association with Loyola College of Social Sciences, Sreekariyam, has come up with 'Snehanidhi'. Gadgets like tablets and power banks for six children of the Malapandaram tribal group were handed over to the Tribal Development Department officers in Pathanamthitta.



Fr Renjith, director LES and Childline, Fr Sunny K Thomas, manager and rector of Loyola Institutions and Saji P Jacob, principal Loyola College hand over digital devices to the Tribal Development Department officers at Pathanamthitta






"There are more than 50,000 tribal students in the state. Their learning has been interrupted since classes went online. To reduce this digital divide, we thought of providing the necessary equipment to these children," said Jobi Kondoor, district coordinator of Childline Thiruvananthapuram. "Initially, the plan was to implement the project only in Thiruvananthapuram district. However, due to requests from other districts, we have extended the operations," he added.

The fund for the project was contributed by Loyola College. In the second phase, mobile phones will be distributed to tribal students in the Thiruvananthapuram district identified by the ST promoters of the tribal department and Childline officials.

"We will distribute 13 mobile phones to students from tribal settlements in Kuttichal panchayat in Thiruvananthapuram. The project will not just focus on tribal areas. Children in coastal and hilly areas in the state where internet connectivity is a major problem will also get help," said the Childline official.

Contribute to the project. Contact: Jobi Kondoor, district coordinator, Childline Thiruvananthapuram. Ph: 9497594630.


ചടങ്ങുകൾ ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഗ്രൗണ്ടിൽ

# ഡോ. തോമസ് ജെ. നെറ്റോയുടെ സ്ഥാനാരോഹണം മാർച്ച് 19 ന്

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത നിയുക്ത ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19-ന് ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ നടക്കും. കോവിഡ് വ്യാപനത്തോതനുസരിച്ച് സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാകും ചടങ്ങുകൾ എന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാനും സംഘാടക സമിതി ചെയർമാനുമായ ഡോ. ആർ. ക്രിസ്തുദാസും ജനറൽ കൺവീനർ മോൺ. സി. ജോസഫും പത്രസമ്മേളനത്തിൽ അറിയിച്ചു.

മെത്രാഭിഷേക- സ്ഥാനാരോഹണ ചടങ്ങുകൾക്ക് ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം മുഖ്യകാർമികത്വം വഹിക്കും. കേരളത്തിലെ വിവിധ രൂപതകളിലെ മെത്രാന്മാർ ചടങ്ങുകളിൽ പങ്കെടുക്കും.

ചടങ്ങുകളുടെ നടത്തിപ്പിനായി അതിരൂപത സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് -ചെയർമാൻ, വികാരി ജനറാൾ മോൺ. സി. ജോസഫ്- ജനറൽ കൺവീനർ, അതിരൂപത വൈദിക സെനറ്റ് സെക്രട്ടറി ഫാ.ക്ലീറ്റസ് വിൻസന്റ്, അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബൈജു ജോസി- ജോയിന്റ് കൺവീനർമാർ എന്നിവരടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകി.



നിയുക്ത ആർച്ച് ബിഷപ്
ഡോ. തോമസ് ജെ. നെറ്റോ

ഫാ. ഡാർവിൻ പീറ്റർ- ആരാധനാക്രമം, മോൺ. ടി. നിക്കോളാസ് (പ്രോഗ്രാം, സ്വീകരണം), ഫാ. ജോസഫ് ബാസ്റ്റ്യൻ (സ്റ്റേജ്, ഗ്രൗണ്ട്), ഫാ. സിൽവസ്റ്റർ കുരിശ് (ഭക്ഷണം, താമസം), ഫാ. ദീപക് ആന്റോ (മീഡിയ, പബ്ലിസിറ്റി), ഫാ. സന്തോഷ് പനിയടിമ (വോളന്റിയേഴ്സ്, ഗതാഗതം), ഫാ. ജൂഡിറ്റ് പയസ് (ധനകാര്യം) എന്നിവരുടെ നേതൃത്വത്തിൽ വൈദിക, സന്യസ്ത, അൽമായ പ്രതിനിധികളെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

വെട്ടുകാട് നിന്ന് കണ്ണാന്തുറ പോകുന്ന റൂട്ടിലാണ് മെത്രാഭിഷേകം നടക്കുന്ന ചെറുവെട്ടുകാട് പള്ളി സ്ഥിതി ചെയ്യുന്നത്. മെത്രാഭിഷേക, സ്ഥാനാരോഹണ ചടങ്ങുകൾക്കുശേഷം സൗകര്യപ്രദമായ സമയത്ത് വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിച്ച് ഹ്രസ്വമായ അനുമോദന സമ്മേളനം നടത്തുമെന്നും അവർ അറിയിച്ചു.

പ്രോഗ്രാം കമ്മിറ്റി കൺവീനർ മോൺ. ടി. നിക്കോളാസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബൈജു ജോസി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

27/04/2022

## മാർ ഇവാനിയോസ









Divya Unni - MA Sociology
2020/2022

# സദസിന്റെ ഉള്ളുപൊള്ളിച്ച്

15/03/2022



## ഓർമയിലെന്നും മാരാരിക്കുളം

# ദൈവകൃപയിൽ അജപാലന ദൗത്യം



## ദൈവിക വിസ്മയ വഴിയിലൂടെ പുതിയ ഇടയൻ !

• ആർച്ച്ബിഷപ് ആയി തിരഞ്ഞെടുത്ത പ്പോൾ വിസ്മയം: മോൺ. ഡോ.തോമസ് ജെ. നെറ്റോ

മനോരമ ലേഖകൻ

തിരുവനന്തപുരം • ദൈവിക വിസ്മയത്തിന്റെ വഴികളിലൂടെ തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കു പുതിയ ഇടയൻ. [illegible]

## പുതിയതുറയിൽ നിന്ന് സഭയുടെ അമരത്തേക്ക്

നെയ്യാറ്റിൻകര • പുതിയതുറ പി.എം. ഹൗസിൽ സ്റ്റാൻസിലാവൂസ് നെറ്റോയുടെയും ഇലബെല്ല നെറ്റോയുടെയും 5 മക്കളിൽ നാ[illegible]



